# മോർ കുരിയാക്കോസ് സഹദായും അമ്മ മോർത്ത് യൂലിത്തിയും
# St. Kuriakose (Cyriakas) and Morth Yulithi (Juliet) (AD 303?)

പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന് പ്രായം തടസ്സമാണെന്ന് വാദിക്കുന്ന നവീന സഭോപദേശങ്ങൾക്ക് ഒരപവാദമാണ് വി. കുരിയാക്കോസ് സഹദായുടെ ജീവചരിത്രം. മൂന്ന് വയസ്സ് പ്രായത്തിൽ തന്റെ മാതാവിനോടൊപ്പം കർത്താവായ യേശുക്രിസ്തുവിനെ സാക്ഷിച്ച് രക്തസാക്ഷിത്വത്തിന്റെ കിരീടം ധരിച്ചവരാണ് ഈ വിശുദ്ധർ.

ഇക്കോനിയ പട്ടണത്തിൽ പ്രശസ്തമായ രാജകുടുംബത്തിലെ അംഗമായിരുന്നു യൂലിത്തി. അവളുടെ ഭർത്താവ് അവിടത്തെ പ്രധാന സൈന്യാധിപന്മാരിൽ ഒരാളായിരുന്നു. പക്ഷേ തങ്ങളുടെ ദാമ്പത്യത്തിലെ ആദ്യ പുത്രനായ കുരിയാക്കോസ് ജനിച്ചതിന്റെ മൂന്നാം വർഷം അദ്ദേഹം മരണപ്പെട്ടു. വിധവയായ യൂലീത്തിയും മൂന്ന് വയസ്സുകാരൻ കുരിയാക്കോസും യേശുക്രിസ്തുവിൽ അഭയപ്പെട്ട് ജീവിച്ചു പോന്നു.

ഡയേക്ലീഷന്റെ ക്രൂരമായ ക്രൈസ്തവ പീഡനങ്ങൾക്കിടയിൽ യൂലീത്തിയും കുരിയാക്കോസും പിടിക്കപ്പെട്ടു. ന്യായധിപനായ അലക്സാണ്ടർ ഇരുവരേയും സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷേ അയാൾ ദയനീയമായി പരാജയപ്പെട്ടു. നസ്രായനായ യേശുക്രിസ്തുവിന്റെ ഭൃത്യന്മാരോട് പോരാടി പരാജയപ്പെട്ട സാത്താൻ ന്യായാധിപനിലൂടെ ക്രൂരമായി പ്രതികാരം ചെയ്തു.

ദൈവ ദൂഷണം പറഞ്ഞുകൊണ്ട് സത്യവിശ്വാസം തള്ളികളയുവാൻ ന്യായാധിപൻ ആജ്ഞാപിച്ചപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് മൂന്നുവയസ്സുകാരൻ കുരിയാക്കോസിന്റെ പ്രജ്ഞയെ ഉദ്ദീപിപ്പിച്ചു. ശിശു അധരം തുറന്ന് ദൈവത്തെ മഹത്വപ്പെടുത്തുകയും ന്യായധിപന്റെ വാദങ്ങളെ ഖണ്ഡിക്കുകയും ചെയ്തു. അയാൾ ക്രോധാവേശത്താൽ ശിശുവിനെ കഠിനമായി അടിപ്പാൻ കൽപിച്ചു. പക്ഷേ ശിശുവിന്റെ പ്രാർത്ഥനയാൽ മർദ്ദിതർ ശക്തിഹീനരായി പോയി.

ശിശുവിന്റെ വാദങ്ങളെ ജയിക്കുവാൻ തനിക്കു സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ ന്യായാധിപൻ വിശുദ്ധന്റെ നാക്ക് ഛേദിക്കുവാൻ ഉത്തരവായി. ശിശുവിന്റെ നാക്ക് രാജസേവകർ അറുത്ത് മാറ്റിയപ്പോൾ ദൈവീക ജിഹ്വ വിശുദ്ധനു നൽകപ്പെട്ടു. ഇത് കണ്ട രാജസേവകർ പലരും കർത്താവിൽ വിശ്വസിച്ചു. നാക്ക് അറുക്കപ്പെട്ടവനായ കുരിയാക്കോസ് സംസാരിക്കുവാൻ തുടങ്ങി അവന്റെ വാക്കുകൾക്ക് മുൻപിൽ പിടിച്ചു നിൽക്കുവാൻ സാധിക്കാതെ ന്യായാധിപ സംഘം കുരുങ്ങി.

വിശുദ്ധ ശിശുവിനേയും, അവന്റെ മാതാവിനേയും ഏത് വിധത്തിലും കൊലപ്പെടുത്തണമെന്ന ഉദ്ദേശത്തൊടെ അവരുടെ കണ്ണുകളിലും, ചെവികളിലും, മൂക്കിലും, വായിലും തിളച്ച വെള്ളം ധാരകോരുവാൻ ഉത്തരവായി. പക്ഷേ അതിനായുള്ള ഉപകരണങ്ങൾ തകർന്നു പോയതല്ലാതെ വിശുദ്ധരുടെ മനസ്സ് തിരിക്കാൻ ഭടന്മാർക്കായില്ല.

തന്റെ രാജ്യത്തിൽ രണ്ടാമനാക്കാം എന്ന മോഹന വാഗ്ദാനം നൽകി അലക്സാണ്ടർ അവസാനം വിശുദ്ധരെ സമീപിച്ചു. നിത്യ ലോകത്തിലെ അംഗത്വത്തെക്കാൾ ശ്രേഷ്ഠമായ മറ്റൊന്നും തങ്ങൾക്കാവശ്യമില്ല എന്നു പറഞ്ഞ് വിശുദ്ധർ ന്യായാധിപനെ ലജ്ജിതനാക്കി. ക്രൂദ്ധനായ അയാൾ വിശുദ്ധരെ അറുത്ത് കൊല്ലുവാൻ കൽപനയായി. എണ്ണയും, ഉപ്പും, വിനാഗിരിയും, ഇരുമ്പും ചേർത്ത് തിളപ്പിച്ച ദ്രാവകത്തിൽ ഇവരെ അറുത്തിടുവാൻ കൽപനയായി. വെട്ടിതിളക്കുന്ന ഈ കൂട്ട് കണ്ട് യൂലീത്തി അൽപം ഭയപ്പെട്ടു. ഉടൻ ശിശുവായ കുരിയാക്കോസ് തിരിഞ്ഞ് അവളെ സ്നേഹപൂർവ്വം ശാസിക്കുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തു.

അമ്മയും മകനും മൂന്ന് കക്ഷ്ണങ്ങളായി ആ അഗ്നികുണ്ഢത്തിൽ ഹോമിക്കപ്പെട്ടു. പക്ഷേ കർത്താവിന് അത് തിരുമനസ്സായില്ല. അവർ ആ ചെമ്പുപാത്രത്തിൽ വീണ ഉടൻ ആ ലായിനി തണുത്തുറയുകയും വിശുദ്ധരുടെ ശരീരം പൂർവ്വ സ്ഥിതിയിൽ ആവുകയും ചെയ്തു. തങ്ങൾ വീണ ലായനി തളിച്ചുകൊണ്ട് അവിടെ കൂടിയിരുന്ന അനേകരെ വി. കുരിയാക്കോസ് സ്നാനപ്പെടുത്തി. അതേ ലായനി സ്പർശിച്ച അവിശ്വാസികൾ അഗ്നിക്കിരയായി.

ദൈവദാസന്മാർക്ക് മുൻപിൽ ന്യായാധിപൻ പരാജയപ്പെട്ടു അവന്റെ ദേവവിഗ്രഹങ്ങൾ മുഴുവൻ തകർക്കപ്പെട്ടു. എങ്കിലും സത്യദൈവത്തെ തിരിച്ചറിയുവാൻ അവന് മനസ്സായില്ല. ഒടുവിൽ ദൈവരാജ്യത്തിന് അവകാശം നേടുവാൻ വിശുദ്ധർക്ക് സമയം നൽകപ്പെട്ടു. ന്യായാധിപന്റെ നിർദ്ദേശം അനുസരിക്കപ്പെട്ടു. ന്യായാധിപന്റെ നിർദ്ദേശം അനുസരിച്ച് വി.കുരിയാക്കോസിനെ മുകളിൽ നിന്ന് താഴേക്ക് വലിച്ചെറിയുകയും, ശിരസ്സ് പൊട്ടി ആ വിശുദ്ധൻ രക്തസാക്ഷിയാവുകയും ചെയ്തു. ധന്യയായ ആ മാതാവിനെ ചമ്മട്ടികൊണ്ട് അടിച്ച്, ഇരുമ്പുചീർപ്പുകളാൽ ശരീരം മുഴുവൻ ചീകിയശേഷം ശിരഛേദം ചെയ്ത് കൊലപ്പെടുത്തി.

മൂന്ന് വയസ്സിൽ പരിശുദ്ധാത്മാവിനെ ഉൾകൊള്ളുകയും, തന്റെ മാതാവിന് ഗുരുവായിതീരുകയും ചെയ്ത വിശുദ്ധന്റെ പ്രാർത്ഥന നമുക്ക് എന്നും കോട്ടയും അഭയവുമാകട്ടെ!.


***Compiled by Fr. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***